# കൊയ്ത്ത് എവിടെ? വേലക്കാർ എവിടെ?

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

**ദുരന്തങ്ങൾ** ചാരത്തും ദൂരത്തും
ദിവസേന ദേവനെ മറുത്ത്
മൂന്നിലധികം ഷോകൾ കളിക്കുന്നു:

മോണിങ്ഷോയിൽ വെള്ളപ്പൊക്കം
മാറ്റിനേ(ന്നി)യിൽ ഭൂമികുലുക്കക്കൊടുങ്കാറ്റ്.
നൈറ്റ്ഷോ ഒന്നിൽ ബലാൽസംഗവും
സംഘം ചേർന്ന് തീവെട്ടിക്കൊള്ളയും
രണ്ടിൽ, യുദ്ധമാരണക്രിയാക്കെടുതിയും
തുടിക്കും യന്ത്രത്തോക്കും ത്രസിപ്പും.

സംവിധാന സഹായിക്കായി
“കണ്ടോരുണ്ടോ” രഹസ്യപ്പരസ്യം?
ഒരേ പശ്ചാത്തലം, ഒരേ ഈണം.
മാറിവരുന്നത് സഹനടികൾ മാത്രം
സ്വയം ചിരിക്കുന്ന വിദൂഷക വൃന്ദവും.

കാര്യസ്ഥർ പുതുമുഖങ്ങൾക്കായ്
അഭിനയവും അനുനയവും.
തീരാത്ത തിരക്കഥകൾ
രാവിന്റെ കൊമ്പിലേറി
നീലമഷിയിൽ നീളത്തിൽ
അലങ്കോലം വരയ്ക്കുന്നു –
അപരന്റെ ഡേറ്റിനായ്
കാലക്കേടിന്റെ കലണ്ടറിൽ
കോറസ്സിൽ കോറിയിടുന്നു
വിലക്കിയ വില പേശുന്നു.

ആർക്കും തിരക്കില്ല
ആരും മുറുമുറുക്കുന്നുമില്ല.

ഞാനിതു ചിന്തിക്കുന്നു!
നിങ്ങൾ എന്തു വിചാരിക്കുന്നു?
*******************************************************************